**ഹയർ സെക്കണ്ടറി സ്കൂളുകളിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർ**

**105 (3859)** ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരുടെ വേതനം എത്രയാണെന്നും ഇവ അവസാനമായി പരിഷ്കരിച്ചത് എന്നാണെന്നും വ്യക്തമാക്കുമോ ;

(സി) ഇതിനുശേഷം മറ്റ് സർക്കാർ ജീവനക്കാർക്ക് ഡി. എ. ഇനത്തിലും മറ്റും വേതന വർദ്ധനവ് ഉണ്ടായ സാഹചര്യത്തിൽ ഇവരുടെ വേതനവും പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) താൽക്കാലിക ജീവനക്കാരുടെ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിന് അംഗീകാരം ഉണ്ടാകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്ഥിരം അദ്ധ്യാപകർ നിയമിതരാകുന്നതോടെ ദിവസ വേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർ വിടുതൽ ചെയ്ത് പോകേണ്ടി വരുന്നതിനാലും ഓരോ സ്കൂളിലും വ്യത്യസ്ത കാലപരിധിക്കുള്ളിൽ നിയമനവും വിടുതലും നടക്കുന്നതിനാലും ദിവസ വേതന വ്യവസ്ഥയിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരെ സംബന്ധിച്ച കൃത്യമായ കണക്ക് ലഭ്യമല്ല.

(ബി) ഹയർ സെക്കണ്ടറി സ്കൂൾ (ജൂനിയർ) അദ്ധ്യാപകർക്ക് 250 രൂപയും, സീനിയർ അദ്ധ്യാപകർക്ക് 300 രൂപയുമാണ് ദിവസ വേതനം നൽകുന്നത്. 14-8-2007-ലാണ് വേതനം അവസാനമായി പരിഷ്ക്കരിച്ചത്.

(സി&ഡി) ഇക്കാര്യത്തിൽ നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലൈബ്രേറിയൻമാരുടെ നിയമനം**

**106 (3860)** ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്ലസ് ടു, ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലൈബ്രേറിയൻമാരുടെ നിയമനം സംബന്ധിച്ച് സർക്കാർ ഇതിനകം തീരുമാനം എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലൈബ്രേറിയൻമാരുടെ തസ്തികകൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് എത്രയും വേഗം പുറപ്പെടുവിക്കുമോ ;

(സി) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലൈബ്രേറിയൻ മാരുടെ നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള യോഗ്യതയും ശമ്പള സ്കെയിലും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പരിഗണനയിലില്ല.

(സി) നിലവിലുള്ള സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകളനുസരിച്ച് ലൈബ്രേറിയൻ ഗ്രേഡ് III ആയി നിയമനം ലഭിക്കുന്നതിന് അംഗീകൃത സർവ്വകലാശാലയിൽനിന്നും റഗുലർ കോഴ്സിലൂടെ ലൈബ്രറി ഇൻഫർമേഷൻ സയൻസിൽ ലഭിച്ച ബിരുദമോ തത്തുല്യമായ യോഗ്യതയോ ഉണ്ടായിരിക്കണം. ലൈബ്രേറിയൻ ഗ്രേഡ് IV ആയി നിയമനം ലഭിക്കുന്നതിന് എസ്.എസ്.എൽ. സി.യും സർക്കാർ അംഗീകരിച്ച സ്ഥാപനത്തിൽനിന്നും ലൈബ്രറി സയൻസിൽ ലഭിച്ച സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം. എന്നാൽ നിശ്ചിത ശമ്പള സ്കെയിലോടുകൂടി മേൽ തസ്തികകൾ ഹയർ സെക്കൻഡറി സ്കൂളുകളിൽ ഇതുവരെ സൃഷ്ടിക്കപ്പെട്ടിട്ടില്ല.

**ഹയർ സെക്കണ്ടറി ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

**107 (3861)** ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർസെക്കണ്ടറി ഡയറക്ടറേറ്റിലും റീജിയണൽ ഡയറക്ടറേറ്റ് ഓഫീസുകളിലും ഏതൊക്കെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു ണ്ടെന്ന് തസ്തികകളുടെ പേരും എണ്ണവും സഹിതം വിശദീകരിക്കുമോ ;

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും നടപടി എപ്പോൾ പൂർത്തീകരിക്കുമെന്നും വെളിപ്പെടുത്തുമോ ;

(സി) ഹയർ സെക്കണ്ടറി വകുപ്പിനെ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലേക്ക് ലയിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഡയറക്ടറേറ്റ്

| | |
|---|---|
| അസിസ്റ്റന്റ് ഡയറക്ടർ | : 2 |
| അക്കൗണ്ട്സ് ഓഫീസർ | : 1 |
| സീനിയർ സൂപ്രണ്ട് | : 1 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | : 1 |

LIBRARY ARCHIVES Kerala Legislative Assembly